മനസ്സും വയറും നിറച്ച്

# തനിനാടൻ വിരുന്ന്

MANORAMA
11.01.2018

മണ്ണുത്തി ● കലോത്സവത്തിന്റെ തിരക്കുകൾക്കിടയിൽ ഒരു 'നാടൻ റിലാക്സേഷൻ', ഉച്ചഭക്ഷണത്തിനു കഞ്ഞിയും പുഴുക്കും ആസ്വദിച്ച് മന്ത്രിമാരും കലാകാരൻമാരും കാർഷിക സർവകലാശാലയിൽ. മണ്ണുത്തിയിലെ കാർഷിക സർവകലാശാലയുടെ അഗ്രിക്കൾച്ചറൽ ടെക്നിക്കൽ ഇൻഫർമേഷൻ സെന്ററി(ആടിക്)ലാണ് കലോൽസവത്തിനിടെ ഉച്ചഭക്ഷണത്തിനായി മന്ത്രിമാരായ വി.എസ്. സുനിൽകുമാറും സി. രവീന്ദ്രനാഥും കലാകാരൻമാരായ അപ്പീൽക്കമ്മിറ്റി അംഗങ്ങളും ഉദ്യോഗസ്ഥരുമെത്തിയത്. ആടിക്കിൽ ആരംഭിച്ച 'അന്നജാലകം' ഭക്ഷണശാലയിൽ നിത്യേന ഉച്ചഭക്ഷണമായി കഞ്ഞിയും നാടൻ കറിയുമുൾപ്പെട്ട ജൈവഭക്ഷണമാണ് നൽകിവന്നത്. സർവകലാശാല അധികൃതരുടെ ക്ഷണ പ്രകാരം കലോൽസവത്തിന്റെ സമാപന ദിവസത്തിലെ ഉച്ചഭക്ഷണത്തിനായിമന്ത്രിമാരുംഉദ്യോഗസ്ഥരുംകലാകാരൻമാരും എത്തുകയായിരുന്നു. കഞ്ഞിയും പുഴുക്കും പയറും പപ്പടവുമെല്ലാമായി കഴിച്ച ഉച്ചഭക്ഷണത്തിൽ മന്ത്രിമാർക്കും കലാകാരൻമാർക്കരും പൂർണ തൃപ്തി. ആടിക് മേധാവി കൂടിയായ സംഗീത സംവിധായകൻ ശ്രീവൽസൻ ജെ.മേനോ,നും കലാകാരൻമാരും ഗാനങ്ങളുമാലപിച്ചതോടെ വയറിനൊപ്പം മനസും നിറഞ്ഞു. പൊതു വിദ്യാഭ്യാസ ഡയറക്ടർ കെ.വി. മോഹൻകുമാർ, ഹയർസെക്കൻഡറി ഡയറക്ടർ സുധീർബാബു, ജോയിന്റ് ഡയറക്ടർ ഡോ. പ്രകാശൻ തുടങ്ങിയവരും മന്ത്രിമാർക്കൊപ്പമുണ്ടായിരുന്നു. ശ്രീവൽസൻ ജെ. മേനോൻ, ജിജു പി. അലക്സ് എന്നിവർ ചേർന്ന് അതിഥികളെ സ്വീകരിച്ചു.

